പി. എസ്. സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ പത്തനംതിട്ട ജില്ലയിലെ ഉദ്യോഗാർത്ഥികളുടെ പേര് മുഴുവനും കൊല്ലം ജില്ലയിലെ ലിസ്റ്റിലാണ്. ഇപ്പോൾ പത്തനംതിട്ട ജില്ലയിലെ ആളുകൾക്ക് കൊല്ലം ജില്ലയിലെ ഒഴിവിൽ മാത്രമാണ് കിട്ടുന്നത്. തൻമൂലം കൊല്ലം ജില്ലയിലെ അപേക്ഷകർക്ക് അവിടെ നിയമനം കിട്ടുന്നില്ല. അതേ സമയം പത്തനംതിട്ടയിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നാണ് നിയമനം നടത്തിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ കൊല്ലംജില്ലയിൽ നിയമിക്കപ്പെട്ടിട്ടുള്ള പത്തനംതിട്ടജില്ലക്കാരെ പത്തനംതിട്ടജില്ലയിലേക്ക് മാറ്റിനിയമിക്കുകയും ആ ഒഴിവുകളിൽ കൊല്ലംജില്ലയിലുള്ളവരെ നിയമിക്കുകയും ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : പത്തനംതിട്ടജില്ല കൊല്ലംജില്ലയുടെ ഭാഗമായിരുന്ന കാലത്ത് പി. എസ്. സി. അപേക്ഷ ക്ഷണിച്ചു. അതിനുശേഷം പത്തനംതിട്ടജില്ല രൂപീകരിച്ചു. പത്തനംതിട്ട ജില്ലയുടെ അതിർത്തിയിൽനിന്നാണെങ്കിൽപോലും കൊല്ലംജില്ലയിൽ നിന്ന് പി. എസ്. സി. തെരഞ്ഞെടുത്ത ആളുകളെ നിയമിക്കാൻ നിയമപരമായ തടസ്സം ഉണ്ടെന്നാണ് പി. എസ്. സി. അറിയിച്ചിട്ടുള്ളത്. ഇതിന്റെയടിസ്ഥാനത്തിൽ തൽക്കാലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താൻ ആവശ്യപ്പെട്ടിരിക്കുകയാണ്. പി. എസ്. സി. ആവശ്യമായ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. കാലതാമസംകൂടാതെ ആളുകളെ നിയമിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്.

(11) ചങ്ങനാശ്ശേരി റൂബി റബ്ബർ വർക്സ് തുറന്ന് പ്രവർത്തിപ്പിക്കണമെന്ന ആവശ്യം

ശ്രീ. സി. എഫ്. തോമസ് : സർ, ചങ്ങനാശ്ശേരി റൂബി റബ്ബർ വർക്സ് നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ റബ്ബർ ഫാക്ടറികളിൽ ഒന്നാണ്. ലിക്വിഡേറ്റർ ചെയ്തിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ഈ ഫാക്ടറി തുറക്കുന്നില്ല. അതിന്റെ ചുമതല വഹിക്കുന്ന ഐ. ആർ. സി. ഐ. എന്തുകൊണ്ടോ ഒഴിഞ്ഞുമാറുകയാണ്. കോൺഫറൻസിൽ വ്യക്തമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചാലും അവർ ഒഴിഞ്ഞുമാറുന്നു. ബന്ധപ്പെട്ടവർ കോൺഫറൻസുകൾ പലത് നടത്തിയെങ്കിലും ഇതുവരെയായിട്ടും ഒരു തീരുമാനവുമായിട്ടില്ല. അഞ്ഞൂറോളം തൊഴിലാളികൾ മാസങ്ങളായിട്ട് പട്ടിണി കിടക്കുന്നു. അങ്ങനെയൊരു അവസ്ഥ കേരളത്തിൽ വേറെ ഒരു ഭാഗത്തും ഉണ്ടായിട്ടുണ്ടെന്നേ തോന്നുന്നില്ല. ഈ ഫാക്ടറി തുറപ്പിക്കുന്നതിന് തൊഴിൽ വകുപ്പുമന്ത്രി ബന്ധപ്പെട്ടവരുടെ കോൺഫറൻസ് വിളിച്ചുകൂട്ടി ഗവൺമെന്റ് ഭാഗത്തുനിന്ന് ശക്തമായ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ഇത് സാമ്പത്തികമായ പ്രതിസന്ധികൊണ്ട് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ഏജൻസിക്ക് തുടർന്ന് നടത്താൻ സാധ്യമല്ലെന്ന് ഗവൺമെന്റിനെ അറിയിച്ചിരിക്കുകയാണ്. പിന്നീട് നടന്ന കൂടിയാലോചനയിൽ ഇത് മറ്റൊരു മാനേജ്മെന്റിനെ ഏൽപ്പിക്കുന്നതിനുള്ള നടപടി നടത്താമെന്ന് പറഞ്ഞിരിക്കുകയാണ്. വേറെയൊരു മാനേജ്മെന്റിനെ ഏൽപ്പിച്ചു നടത്തുന്നതിനുള്ള അനുരഞ്ജന സംഭാഷണം നടന്നുകൊണ്ടിരിക്കുകയാണ്. അത് വിജയിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly